**No. CEE/5050/MDS-2020/TA3**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# പത്രക്കുറിപ്പ്

## കേരളത്തിലെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പുതുതായി നീറ്റ്–എം.ഡി.എസ് യോഗ്യത നേടിയവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു

ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സ്–2020 പ്രവേശനത്തിനുള്ള **നീറ്റ് എം.ഡി.എസ്–2020** പ്രവേശന പരീക്ഷയിലെ യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ സാഹചര്യത്തിൽ കേരളത്തിലെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേക്ക് **08.07.2020** ന് പ്രസിദ്ധീകരിച്ച രണ്ടാംഘട്ട അലോട്ട്മെന്റ് പ്രകാരമുള്ള പ്രവേശനത്തിനുശേഷം സർക്കാർ/ സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നതും പുതുക്കിയ മാനദണ്ഡപ്രകാരം നീറ്റ്–എം.ഡി.എസ് യോഗ്യത നേടിയിട്ടുള്ളതുമായ അപേക്ഷകരിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലൂടെ പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് **10.07.2020 മുതൽ 15.07.2020 വൈകുന്നേരം 3.00 മണിയ്ക്കകം** ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദമായ വിജ്ഞാപനം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്..

Sd/-

തിരുവനന്തപുരം
10.07.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**